"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - **LID&EW** - ജീവനക്കാര്യം -ശ്രീമതി ദീപ്തി ആർ. **(PEN-217378)** -ന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.**2107/2026/LSGD** തീയതി,തിരുവനന്തപുരം, **05-11-2026**

പരാമർശം:- **1.** **25.07.2025**-ലെ സ.ഉ.(സാധാ) നം.**1835/2025/LSGD**

2. പ്രിൻസിപ്പൽ ഡയറക്ടറുടെ **27.09.2026** തീയതിയിലെ **LSGD/PD/21052/2026 - DEH5** നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ദീപ്തി ആർ-ന് പരാമർശം **(1)** ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം ലഭിക്കുകയും **02.08.2025** പൂർവ്വാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ **15.02.2026** അപരാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതിനാൽ ടിയാളുടെ പ്രൊബേഷൻ **16.02.2026** പൂർവ്വാഹ്നത്തിൽ പ്രഖ്യാപിയ്ക്കുന്നതിലേയ്ക്കായി പരാമർശം **(2)** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

ടിയാൾ പ്രൊബേഷൻ കാലയളവിൽ **14** ദിവസത്തെ അവധികൾ **(13** പരിവർത്തിത അവധി **+1** പിൻ അവധി) ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ദീപ്തി ആർ. -ന്റെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം **16.02.2026** പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
4. ശ്രീമതി ദീപ്തി ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 06-11-2026
10:44:38
സെക്ഷൻ ഓഫീസർ